## 219

ആയിരങ്ങളിൽ സുന്ദരൻ വന്ദിതൻ
ആരിലുമുന്നതൻ ക്രിസ്തുവാം

1 അവനൊപ്പം പറയാനൊരാളുമില്ല
അവനെപ്പോലാരാധ്യരാരുമില്ല
അവനിൽ ശരണപ്പെട്ടാരുമേ-ആരുമേ
ഒരു നാളും അലയാതെ മോദമായ് മോദമായ്
മരുവും മരുവിലും ശാന്തമായ്

2 അവനിക്കു പൊതുവായ് നിറുത്തി ദൈവം
അവനെക്കൊ ത്രേ നിരപ്പുതന്നു
അവനെ വിട്ടൊരുനാളും പോകുമോ-പോകുമോ
അരുതാത്തതൊന്നുമേ ചെയ്യുമോ-ചെയ്യുമോ
അവനെയോർത്തനിശം ഞാൻ പാടിടും

3 വരുവിൻ വണങ്ങി നമസ്കരിപ്പിൻ
ഒരുമിച്ചുണർന്നു പുകഴ്ത്തിടുവിൻ
ബലവും ബഹുമാനമാകവേ-യാകവേ
തിരുമുമ്പിലർപ്പിച്ചു വീഴുവിൻ-വീഴുവിൻ
തിരുനാമമെന്നേക്കും വാഴ്ത്തുവിൻ T.K.S.